**പ്രസിദ്ധീകരണത്തിന്**

കേന്ദ്രസർക്കാർതീരുമാനത്തെ തുടർന്ന്, മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് നിയമനങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രവേശനത്തിനും 10 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് 2020 ഫെബ്രുവരി 13-ന് സംസ്ഥാനസർക്കാർ ഉത്തരവായിട്ടുണ്ട്. ഉത്തരവ് പ്രാബല്യത്തിൽ വന്നുവെങ്കിലും പി.എസ്.സി. വഴി നടക്കേണ്ട നിയമനങ്ങൾക്ക് ഇത് ഇപ്പോഴും ബാധകമാക്കിയിട്ടില്ല. കെ.എസ്.&എസ്.എസ്.ആർ. പാർട്ട് 2, 1958-ലെ ബന്ധപ്പെട്ട സംവരണചട്ടം ഭേദഗതി ചെയ്യാത്തതാണ് ഇതിനു കാരണം. ഉത്തരവ് ഇറങ്ങി ആറുമാസം കഴിഞ്ഞിട്ടും സംവരണചട്ടം ഭേദഗതി ചെയ്യാത്തത് അലംഭാവം മാത്രമല്ല, ആ വിഭാഗത്തോടു കാണിക്കുന്ന തികഞ്ഞ അവഗണനയും ആണ്. അർഹതപ്പെട്ട നിരവധി ആളുകളുടെ അവസരങ്ങളാണ് ഇതിലൂടെ നിഷേധിക്കപ്പെടുന്നത്.

സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിവിധ ബാച്ചുകളിലായി അനുവദിച്ച മാർജിനൽ സീറ്റ് ഉൾപ്പെടെയുള്ള മൊത്തം സീറ്റുകളിൽ 10 ശതമാനം സീറ്റുകൾ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന മുന്നാക്കസമുദായങ്ങൾക്ക് സംവരണംചെയ്ത് 11.8.2020-ൽ ഉത്തരവ് ആയിട്ടുണ്ട്. ന്യൂനപക്ഷപദവിയില്ലാത്തതും മറ്റു പിന്നാക്കവിഭാഗങ്ങൾക്ക് സംവരണം അനുവദിച്ചുവരുന്നതുമായ പൊതുവിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി / വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനത്തിനാണ് ഈ 10 ശതമാനം സാമ്പത്തികസംവരണം അനുവദിച്ചിരിക്കുന്നത്. മുന്നാക്കവിഭാഗത്തിൽപ്പെടുന്ന മാനേജ്മെന്റുകൾ നടത്തുന്ന എയിഡഡ് സ്കൂളുകൾക്കൊന്നും ഈ സംവരണആനുകൂല്യം ബാധകമല്ലെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്.

മുന്നാക്കസമുദായം നടത്തുന്ന സ്കൂളുകൾക്ക് 50 ശതമാനം മെറിറ്റ്, 20 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗം, 10 ശതമാനം കമ്മ്യൂണിറ്റി മെറിറ്റ്, 20 ശതമാനം മാനേജ്മെന്റ് ക്വോട്ട എന്നിങ്ങനെയാണ് പ്രവേശനത്തിന് അനുമതി ലഭിച്ചിട്ടുള്ളത്. അതേസമയം, ന്യൂനപക്ഷസമുദായ മാനേജ്മെന്റുകൾ നടത്തുന്ന സ്കൂളുകൾക്കും പിന്നാക്കവിഭാഗം നടത്തുന്ന എയിഡഡ് സ്കൂളുകൾക്കും 40 ശതമാനം മെറിറ്റ്, 20 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗം, 20 ശതമാനം കമ്മ്യൂണിറ്റി മെറിറ്റ്, 20 ശതമാനം മാനേജ്മെന്റ് ക്വോട്ട എന്നിങ്ങനെയാണ് പ്രവേശനക്രമം. എന്നുപറഞ്ഞാൽ, മുന്നാക്കവിഭാഗത്തിൽനിന്ന് വ്യത്യസ്തമായി കമ്മ്യൂണിറ്റി മെറിറ്റ് 10 എന്നതിൽനിന്നും 20 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുന്നു. അങ്ങനെയെങ്കിൽ, മുന്നാക്കവിഭാഗത്തിന് കമ്മ്യൂണിറ്റി മെറിറ്റിൽ വർദ്ധനവ് നല്കാത്തത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നു മനസ്സിലാകുന്നില്ല. അതിനുപുറമെയാണ്, ഈ വിഭാഗത്തിൽപ്പെടുന്ന സ്കൂളുകളിൽ പിന്നാക്കവിഭാഗങ്ങൾക്ക് സംവരണമില്ല എന്ന പേരിൽ 10 ശതമാനം സാമ്പത്തികസംവരണം നിഷേധിക്കുകയും ചെയ്യുന്നത്.

കോളേജുകളുടെ കാര്യം എടുത്താൽ, ഗവണ്മെന്റുകോളേജുകളിൽ 10 ശതമാനം സാമ്പത്തികസംവരണം അനുവദിച്ചെങ്കിലും എയിഡഡ് മേഖലയിലുള്ള കോളേജുകൾക്ക് ഇത് നിഷേധിച്ചിരിക്കുകയാണ്. മുന്നാക്കവിഭാഗങ്ങൾ നടത്തുന്ന കോളേജുകളിൽ 10 ശതമാനം കമ്മ്യൂണിറ്റി ക്വോട്ട നല്കുമ്പോൾ; പിന്നാക്കവിഭാഗങ്ങൾ നടത്തുന്ന കോളേജുകളിൽ 20 ശതമാനം മാനേജ്മെന്റ് ക്വോട്ട സീറ്റുകൾക്കു പുറമെ, മെറിറ്റ് 10 ശതമാനം കുറച്ചുകൊണ്ടുപോലും കമ്മ്യൂണിറ്റി ക്വോട്ട 20 ശതമാനം ആക്കിയിരിക്കുകയാണ്.

തൊഴിൽ, വിദ്യാഭ്യാസമേഖലകളിൽ മുന്നാക്കവിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവർക്ക് 10 ശതമാനം സാമ്പത്തികസംവരണം നടപ്പാക്കിക്കൊണ്ട് ഉത്തരവുകൾ പലതും പുറപ്പെടുവിച്ചെങ്കിലും, ആ വിഭാഗങ്ങൾക്ക് ഗുണകരമായ ഒരു നടപടിയും ഈ സർക്കാർ ഇന്നേവരെ സ്വീകരിച്ചിട്ടില്ല എന്ന് മേല്പറഞ്ഞ കാര്യങ്ങളിൽനിന്ന് വളരെ വ്യക്തമാണ്. ഇക്കാര്യങ്ങളിൽ ബോധപൂർവമായി ഇടംകോലിട്ടുകൊണ്ടിരിക്കുന്നവരെ സർക്കാർ തിരിച്ചറിഞ്ഞ്, ആയതിന് എത്രയും വേഗം പരിഹാരം കാണുന്നില്ലെങ്കിൽ അതിന് പ്രത്യാഘാതം ഉണ്ടാകും എന്ന കാര്യത്തിൽ സംശയമില്ല.

പെരുന്ന
12.8.2020

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി